"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - 2023-24 വർഷത്തെ സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് സംസ്ഥാന സർക്കാർ വിഹിതമായി തുക അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.705/2023/F&P    തീയതി,തിരുവനന്തപുരം, 11-09-2023

---

പരാമർശം:- 1. 04/09/2023 തിയതിയിലെ സ.ഉ (സാധാ) നം. 684/2023/മതുവ

2. ഫിഷറീസ് ഡയറക്ടറുടെ 08.09.2023 തിയതിയിലെ DFTVM/905/2023-N3 നമ്പർ കത്ത്.

**ഉത്തരവ്**

2023-24 വർഷത്തെ സമ്പാദ്യ സമാശ്വാസ പദ്ധതിക്ക് നടപ്പ സാമ്പത്തിക വർഷത്തെ 2405-00-121-91 (പ്ലാൻ) ശീർഷകത്തിൽ നിന്ന് 64.641 കോടി രൂപയുടെ ഭരണാനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായി. ഇതിൽ കേന്ദ്ര വിഹിതമായ 21.547 കോടി രൂപ നിലവിൽ സിംഗിൾ നോഡൽ അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന PMMSY പദ്ധതി തുകയിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള കേന്ദ്ര സർക്കാർ അനുമതി ഉണ്ടെന്നും നടപ്പ് സാമ്പത്തിക വർഷത്തെ 2405-00-121-91-02 (പ്ലാൻ) ശീർഷകത്തിൽ സംസ്ഥാന വിഹിതമായി 27 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും ആയതിനാൽ 2023-24 വർഷത്തെ സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ ഉൾപ്പെട്ട 1,58,002 ഗുണഭോക്താക്കൾക്ക് സംസ്ഥാന സർക്കാർ വിഹിതമായി ആകെ 21,54,70,000/- രൂപ (ആകെ ഇരുപത്തിയൊന്ന് കോടി അമ്പത്തിനാല് ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം) അനുവദിക്കുന്നതിനും PFMS - സിംഗിൾ നോഡൽ അക്കൗണ്ട് മുഖേന തുക വിതരണം ചെയ്യുന്നതിനും അനുമതി ലഭ്യമാക്കണമെന്ന് പരാമർശം (2) പ്രകാരം ഫിഷറീസ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023-24 വർഷത്തെ സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ ഉൾപ്പെട്ട 1,58,002 ഗുണഭോക്താക്കൾക്ക് സംസ്ഥാന സർക്കാർ വിഹിതമായി ആകെ 21,54,70,000/- രൂപ (ആകെ ഇരുപത്തിയൊന്ന് കോടി അമ്പത്തിനാല് ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2405-00-121-91-02 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ചും ടി തുക PFMS - സിംഗിൾ നോഡൽ അക്കൗണ്ട് മുഖേന തുക വിതരണം ചെയ്യുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടി എസ് പ്രവീൺ കുമാർ

ഡെപ്യൂട്ടിസെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (26.08.2023-ലെ 2440770/WCD-2/162/2023-FIN നമ്പർ പ്രകാരം)
ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ